**വിവരാവകാശം / മറുപടി**

നമ്പർ: H4-245/17.

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം,
തീയതി : 18-1-2017.

സ്റ്റേറ്റ് ഇൻഫർമേഷൻ ഓഫീസർ,
തിരുവനന്തപുരം.

അഡ്വക്കേറ്റ് രാജേന്ദ്രൻ ആർ
നെടിയവിള പുത്തൻവീട്,
വണ്ടിത്തടം, വെള്ളയാണി പി.ഒ
തിരുവനന്തപുരം.

സർ,

വിഷയം: സാ.നീതി വകുപ്പ് - വിവരാവകാശം 2005 - മറുപടി ലഭ്യമാക്കുന്നത് സംബന്ധിച്ച് -

സൂചന: സർക്കാർ കത്ത് നം. 1040305/D1/16 SJD, തീയതി: 28.12.16.

സൂചനപ്രകാരം ലഭ്യമായ താങ്കളുടെ വിവരാവകാശ അപേക്ഷയിലെ ചോദ്യങ്ങളിൽ 1998 മുതൽ 2003 വരെ ജോലി നോക്കിയിട്ടുള്ള എത്ര വികലാംഗരെ സ്ഥിരപ്പെടുത്തി അതിൽ blind എത്ര, ഫിസിക്കലി ഹാൻഡിക്യാപ്ഡ് എത്ര Deaf എത്ര? എന്ന ചോദ്യത്തിന്റെ മറുപടി ചുവടെ ചേർക്കുന്നു.

16.8.1999 മുതൽ 31.12.2003 വരെ താൽക്കാലികമായി എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന 179 ദിവസം സേവനം അനുഷ്ഠിച്ചിരുന്നവരെ സ്ഥിരപ്പെടുത്തുന്നതിന് സർക്കാർ സൃഷ്ടിച്ചിട്ടുള്ള 2677 സൂപ്പർ ന്യൂമറി തസ്തികകളിൽ 1900-ത്തോളം അംഗപരിമിതർക്ക് നാളിതുവരെ സ്ഥിര നിയമനം അനുവദിച്ചിട്ടുണ്ട്. എന്നാൽ ടി ജീവനക്കാരെ അംഗപരിമിതർ എന്ന നിലയ്ക്കാണ് സർക്കാർ നിയമനം അനുവദിച്ചിട്ടുള്ളത്. ആയതിനാൽ ഇവരിൽ blind, PH, Deaf എന്നീ ക്രമത്തിൽ, വിശദാംശങ്ങൾ ഈ കാര്യാലയത്തിൽ ക്രോഡീകരിച്ച് സൂക്ഷിച്ചിട്ടില്ല എന്നറിയിക്കുന്നു.

മേൽ മറുപടി തൃപ്തികരമല്ലാത്തപക്ഷം വിവരാവകാശ നിയമം 2005 വകുപ്പ് 19(1) പ്രകാരം ഈ കത്ത് കൈപ്പറ്റി 30 ദിവസത്തിനകം ഈ വകുപ്പിലെ അപ്പീൽ അധികാരിക്ക് താഴെ പറയുന്ന മേൽ വിലാസത്തിൽ അപ്പീൽ സമർപ്പിക്കാവുന്നതാണ്.

അപ്പീൽ അധികാരിയുടെ മേൽവിലാസം

**ശ്രീ. സുരേന്ദ്രകുമാർ.കെ.കെ**
അഡീഷണൽ ഡയറക്ടർ
സാമൂഹ്യനീതി വകുപ്പ്, വികാസ്ഭവൻ, 5- ാം നില
തിരുവനന്തപുരം-695 033.

വിശ്വസ്തതയോടെ,

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ

db@15

**വിവരാവകാശം / മറുപടി**

**നം.H4/245/17**

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 31..7..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

എല്ലാ ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്കും

സർ,

വിഷയം :സാമുഹ്യനീതി വകുപ്പ് - സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവ് നടപ്പാക്കുന്നത് - സംബന്ധിച്ച്.

സൂചന :1) സർക്കാർ കത്ത് 22/D1/17/സാനീവ. തീയതി: 15..5..17.
:2) ശ്രീ. Adv. R.രാജേന്ദ്രൻ സമർപ്പിച്ച വിവരാവകാശ അപേക്ഷ.

സൂചന അപേക്ഷ ഉള്ളടക്കം ചെയ്യുന്നു. സൂചന പ്രകാരം ലഭ്യമായ Adv. രാജേന്ദ്രന്റെ വിവരാവകാശ നിയമപ്രകാരമുള്ള ചോദ്യം സംബന്ധിച്ച വിവരം ലഭ്യമാണെങ്കിൽ ടിയാന് നേരിട്ട് വിവരം നൽകേണ്ടതാണ് ആയതിന്റെ പകർപ്പ് ഈ കാര്യാലയത്തിലേക്ക് നൽകേണ്ടതുമാണ്.

വിശ്വസ്തതയോടെ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്**

**പകർപ്പ്:** Adv. R.രാജേന്ദ്രൻ
തടിയവിള പുത്തൻ വീട്
വണ്ടിത്തടം, വെള്ളായണി. Po
തിരുവനന്തപുരം

<u>വിവരാവകാശം / മറുപടി</u>

നം.H4/245/17

സാമൂഹ്യനീതി ഡയറക്ടറേറ്റ്
വികാസ്ഭവൻ, തിരുവനന്തപുരം
തീയതി: 31..7..2017
Email : swdkerala@gmail.com
Phone: 0471-2306040

സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ
സാമൂഹ്യനീതി വകുപ്പ്, തിരുവനന്തപുരം

അഡ്വ: R. രാജേന്ദ്രൻ
നെടിയവിള പുത്തൻവീട്
വണ്ടിത്തടം, വെള്ളായണി.പി.ഒ.
തിരുവനന്തപുരം

സർ,

വിഷയം :സാമൂഹ്യനീതി വകുപ്പ് - സംസ്ഥാന വിവരാവകാശ കമ്മീഷൻ ഉത്തരവ് നടപ്പിലാക്കുന്നത് - സംബന്ധിച്ച്.

സൂചന :1) സർക്കാർ കത്ത് 22/D1/17/സാനീവ. തീയതി: 15..5..17.
:2) താങ്കളുടെ 29/11/16 തീയതിയിലെ വിവരാവകാശ അപേക്ഷ.

സൂചന പ്രകാരം ലഭ്യമായ താങ്കളുടെ വിവരാവകാശ ചോദ്യം പ്രകാരമുള്ള വിവരങ്ങൾ ജില്ലാ സാമൂഹ്യനീതി ഓഫീസുകളിൽ ലഭ്യമാണെങ്കിൽ താങ്കൾക്ക് വിവരം നേരിട്ട് നൽകുന്നതിലേക്കായി ജില്ലാ സാമൂഹ്യനീതി ഓഫീസർമാർക്ക് നിർദ്ദേശം നൽകിയിട്ടുണ്ട്.

വിശ്വസ്തതയോടെ

**സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ**
**സാമൂഹ്യനീതി ഡയറക്ടറേറ്റ്**

"ഭരണഭാഷ-മാതൃഭാഷ"

നം ഡിഎസ്ജെഒ/കെഎൻആർ/എഫ്-3052/17 ജില്ലാ സാമൂഹ്യനീതി ഓഫീസറുടെ കാര്യാലയം,
സിവിൽ സ്റ്റേഷൻ എഫ് ബ്ലോക്ക്, കണ്ണൂർ, 670002.
തീയ്യതി : 30/08/2017, ഫോൺ : 0497 2712255.
ഇ-മെയിൽ : dswoknrswd@gmail.com.

ജില്ലാ സാമൂഹ്യ നീതി ഓഫീസർ,
കണ്ണൂർ.

അഡ്വ. ആർ രാജേന്ദ്രൻ
നെടിയ വിള പുത്തൻവീട്
വണ്ടിത്തടം, വെള്ളായണി (പിഒ), തിരുവനന്തപുരം

സർ,

വിഷയം:- സാമൂഹ്യ നീതി വകുപ്പ് - ജില്ലാ സാമൂഹ്യനീതി ഓഫീസ്, കണ്ണൂർ - വിവരാവകാശ നിയമം 2005 - മറുപടി നൽകുന്നത് - സംബന്ധിച്ച്.
സൂചന:- സാമൂഹ്യ നീതി ഡയറക്ടറുടെ 31/07/2017 ലെ H4/245/17 നമ്പർ കത്ത്.

അംഗപരിമിതരുടെ സ്ഥിരനിയമനവുമായി ബന്ധപ്പെട്ട താങ്കളുടെ വിവരാവകാശ നിയമപ്രകാരമുള്ള അപേക്ഷയുടെ പകർപ്പ് മറുപടി ലഭ്യമാക്കുന്നതിനായി സൂചന പ്രകാരം ഈ കാര്യാലയത്തിൽ ലഭ്യമായിട്ടുണ്ട്. ആയത് സംബന്ധിച്ച വിവരം ചുവടെ ചേർക്കുന്നു.

സാർക് വികലാംഗ വർഷം പ്രമാണിച്ച് സർക്കാർ ജോലിയിൽ സ്ഥിരപ്പെടുത്തിയ അംഗപരിമിതരെക്കുറിച്ചുള്ള വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല. 50-ാം സ്വാതന്ത്ര്യദിനം പ്രമാണിച്ച് സർക്കാർ ജോലിയിൽ സ്ഥിരപ്പെടുത്തിയ അംഗപരിമിതരെക്കുറിച്ചുള്ള വിവരം ഈ കാര്യാലയത്തിൽ ലഭ്യമല്ല. എന്നാൽ 1998-2003 കാലയളവിൽ എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന താത്കാലികമായി ജോലി ചെയ്ത അംഗപരിമിതരെ സ്ഥിരപ്പെടുത്തുന്നതിലേക്കായി 155 അംഗപരിമതരുടെ ലിസ്റ്റ് ഈ കാര്യാലയത്തിൽ നിന്നും സാമൂഹ്യ നീതി ഡയറക്ടർക്ക് സമർപ്പിച്ചിട്ടുണ്ട്. ആയതിൽ ലോക്കോ മോട്ടോർ ഡിസെബിലിറ്റി - 133, സ്പീച്ച് & ഹിയറിംഗ് ഡിസെബിലിറ്റി - 5, വിഷ്വൽ ഡിസെബിലിറ്റി - 17 ആണെന്ന് താങ്കളെ അറിയിക്കുന്നു.

ഈ മറുപടി താങ്കൾക്ക് തൃപ്തികരമല്ലെങ്കിൽ അപ്പലേറ്റ് അതോറിറ്റിയായ സാമൂഹ്യ നീതി ഡയറക്ടറെ ബന്ധപ്പെടാവുന്നതാണ്.

<u>മേൽവിലാസം</u>

സാമൂഹ്യ നീതി ഡയറക്ടർ

സാമൂഹ്യ നീതി ഡയറക്ടറേറ്റ്, വികാസ് ഭവൻ, തിരുവനന്തപുരം 695033.

വിശ്വസ്തതയോടെ,

ജില്ലാ സാമൂഹ്യനീതി ഓഫീസർ,
കണ്ണൂർ